(ബി)

വർഷം	പ്രൊഡക്ടീവ് (കോടി രൂപയിൽ)	ഇതരം (കോടി രൂപയിൽ)	ആകെ (കോടി രൂപയിൽ)
2006-07	731.02	259.50	990.52
2007-08	682.04	297.64	979.68
2008-09	829.80	302.40	1132.20
2009-10	966.32	371.80	1338.12
2010-11	1152.69	456.48	1609.17

(സി) 2011-12 കാലഘട്ടത്തിൽ.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് ചുരുക്കൽ നടപടി സമസ്ത മേഖലയിലും നടപ്പാക്കുന്നുണ്ട്.

ഓട്ടോറിക്ഷകളിലെ മീറ്റർ

401 (379) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനം നടത്തിക്കൊണ്ടിരിക്കുന്ന ഭൂരിഭാഗം ഓട്ടോറിക്ഷകളിലും മീറ്റർ പ്രവർത്തിപ്പിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്ന സമയത്ത് മാത്രം ഓട്ടോറിക്ഷകളിലെ മീറ്റർ പ്രവർത്തിപ്പിക്കുകയും പിന്നീട് നിശ്ചലമാക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് ഓട്ടോറിക്ഷകളിലെ മീറ്റർ സംവിധാനമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, മീറ്റർ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) മീറ്റർ പ്രവൃത്തിപ്പിക്കാതെ ഓടുന്ന ഓട്ടോറിക്ഷകൾക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ& ബി) ഇല്ല.

(സി) എല്ലാ ഓട്ടോറിക്ഷകളിലും ലീഗൽ മെട്രോളജി വകുപ്പ് സീൽ ചെയ്തിട്ടുള്ള ഫെയർ മീറ്റർ ഘടിപ്പിച്ചിട്ടുണ്ടോ എന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഓട്ടോറിക്ഷകളുടെ രജിസ്ട്രേഷൻ സമയത്തും ഫിറ്റ്നസ് പരിശോധിക്കുമ്പോഴും റോഡിൽ വാഹന പരിശോധന നടത്തുന്ന അവസരങ്ങളിലും ഉറപ്പുവരുത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ സർവ്വീസിനായി വരുന്ന എല്ലാ ഓട്ടോറിക്ഷകളിലും പ്രവർത്തനക്ഷമമായ മീറ്റർ ഘടിപ്പിച്ചതിനുശേഷം മാത്രമേ മോട്ടോർ വാഹന വകുപ്പിൽ നിന്ന് സർവ്വീസുകൾ ചെയ്യ്. കൊടുക്കാറുള്ളൂ. എല്ലാ ഡി.റ്റി.സി., ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ.-മാർക്കും ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഫെയർ മീറ്ററിന്റെ നമ്പർ ആർ.സി. ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) ഫെയർ മീറ്റർ ഘടിപ്പിക്കാത്തതും പ്രവർത്തിപ്പിക്കാത്തതുമായ വാഹനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. 2014-15 കാലയളവിൽ 1581 ഓട്ടോറിക്ഷകൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി പിഴ ഈടാക്കിയിട്ടുണ്ട്.

ബസ്/ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ

402 (380) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: -

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മിനിമം ബസ്/ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ എത്രയെന്ന് വ്യക്തമാക്കാമോ; അന്ന് ഒരു ലിറ്റർ പെട്രോളിനും ഒരു ലിറ്റർ ഡീസലിനും എത്രവീതമായിരുന്നു വില എന്ന് വ്യക്തമാക്കാമോ; അന്ന് ടാക്സി ഇനത്തിൽ എത്ര രൂപവീതമായിരുന്നു ഒരു ലിറ്റർ പെട്രോൾ /ഡീസൽ വില്പനയിലൂടെ സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തവണ ബസ്/ ഓട്ടോ/ ടാക്സി/ടെമ്പോ നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ, എത്ര രൂപ വീതമാണ് ഓരോ വിഭാഗത്തിലും വർദ്ധിപ്പിച്ചിട്ടുള്ളത്; നിരക്ക് വർദ്ധിപ്പിക്കുന്നതിനുണ്ടായ കാരണം; ആ സമയത്ത് പെട്രോൾ/ഡീസൽ വില ലിറ്ററിന് എത്ര രൂപ വീതമായിരുന്നു; ടാക്സിനത്തിൽ ഒരു ലിറ്റർ പെട്രോളിനും ഡീസലിനും എത്ര രൂപ വീതം സംസ്ഥാന സർക്കാരിന് ലഭിക്കുമായിരുന്നു;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ ഡീസൽ/പെട്രോൾ വിലയിൽ കുറവ് വന്നിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ; എത്ര വീതം കുറവാണ് വന്നിട്ടുള്ളത്;

GPM. 2/237/2020-119

LIBRARY ARCHIVES Kerala Legislative Assembly